പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3307 — 11.05.2017 ൽ മറുപടിയ്ക്ക്

## എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്റ്റേഡിയം

ചോദ്യം

ശ്രീ.എം. സ്വരാജ്

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സ്റ്റേഡിയവും ഒരു ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തയ്യാറാകുമോ; | എ) & ബി) | 08.07.2016 ബഹു.ധനകാര്യ വകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവയ്ക്കുകയും ഇവയിൽ 18 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും 4 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| സി) | ഇതിനായി ജനപ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുമോ? | സി) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ കേരളത്തിലെ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിന് എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം നിർമ്മിയ്ക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച കളിസ്ഥലങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി 25 ഗ്രാമ പഞ്ചായത്ത് പ്രതിനിധികളുടേയും, ജനപ്രതിനിധികളുടേയും ഒരു യോഗം 2016 ഡിസംബർ 14-ാം തീയതി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ